**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5075** **02-11-2021 - ൽ മറുപടിയ്ക്ക്**

## കാർഷിക അടിസ്ഥാന വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക അടിസ്ഥാന വികസനം ഉറപ്പാക്കാനായി ഈ സർക്കാർ നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങളും ആയതിന് വേണ്ടി വകയിരുത്തിയ തുകയും തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ; | (എ) | കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു |
| (ബി) | ഇതിനായി കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിച്ച പദ്ധതികളും ആവശ്യമുള്ള തുകയും സംബന്ധിച്ച വിശദാംശങ്ങളും അതിൽ കേന്ദ്രം അനുവദിച്ചവ സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ? | (ബി) | RKVY പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 30 പ്രൊജക്റ്റുകൾ സമർപ്പിച്ചതിൽ 83.640 കോടി രൂപയുടെ 23 പ്രൊജെക്റ്റുകൾ സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് കമ്മറ്റി (SLSC) അംഗീകരിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

## (1) <u>റൂറൽ ഇൻഫ്രാസ്ട്രക്ച്ർ ഡവലപ്പ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്)</u>

പാടശേഖരങ്ങൾ, സർക്കാർ ഫാമുകൾ, കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ നബാർഡിന്റെ ധനസഹായത്തോടെ ഈ പദ്ധതി വഴി നടപ്പിലാക്കുന്നുണ്ട്. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ബണ്ട് ബലപ്പെടുത്തുക, സംരക്ഷണ ഭിത്തി നിർമ്മാണം, നീർച്ചാൽ ആഴം കൂട്ടുക, കൾവെർട്ടുകൾ നിർമ്മാണം, വാച്ചാൽ നിർമ്മാണം, ബണ്ട് റോഡ് നിർമ്മാണം, ജല സേചനത്തിനും ജല നിർഗമനത്തിനുമുള്ള ചാലു കളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ആർ.ഐ.ഡി.എഫ് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. 2021-22 സാമ്പത്തിക വർഷം 294.68 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

## (2) <u>രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ)</u>

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻ കീഴിൽ പാടശേഖരങ്ങളിലെയും കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിലെയും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കൂടാതെ സർക്കാർ ഫാമുകളിലെ കാർഷിക യന്ത്രവൽക്കരണം, പാടശേഖരങ്ങളിലെ ജലനിർഗ്ഗമനസൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഊർജ്ജക്ഷമതയും കാര്യക്ഷമതയുമുള്ള പമ്പുസെറ്റുകളുടെ സ്ഥാപനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, വാല്യൂ ചെയിൻ ശക്തിപ്പെടുത്തൽ, കീട നിയന്ത്രണം തുടങ്ങിയ മറ്റു പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം 57.56 കോടി രൂപയാണ്.

## (3) <u>പുനർജനി പദ്ധതി</u>

2018-2019 വർഷങ്ങളിലെ വെള്ളപ്പൊക്കത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിനായി പുനർജനി പദ്ധതിയിൽ ഉൾക്കൊള്ളിച്ച വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. 2020-21-ൽ പത്തനംതിട്ട ജില്ലയിലെ നിരണം, പെരിങ്ങര കൃഷി ഭവൻ കെട്ടിട നിർമ്മാണം, പത്തനംതിട്ട ജില്ലാ മണ്ണ് പരിശോധന ലാബിന്റെ പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിനായി 185.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2021-22-ൽ പത്തനംതിട്ട ജില്ലയിലെ കരിമ്പ് വിത്തുല്പാദന കേന്ദ്രം, പന്തളത്തെ വിവിധ നിർമാണ പ്രവർത്തനങ്ങൾ, ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷി ഫാമിലെ പോളി ഹൗസ് നിർമ്മാണം എന്നിവയ്ക്കായി 185.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

**(4) കുട്ടനാട് പാക്കേജ് (ന്യൂ)**

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പുറക്കാട് പഞ്ചായത്തിലെ നാലുചിറ വടക്ക പാടശേഖരം, കരുവാറ്റ പഞ്ചായത്തിലെ ഏഴാങ്കരി വെസ്റ്റ് പാടശേഖരം, മാന്തര മീൻചാൽ പാടശേഖരം, പുറക്കാട് ഏരിയയിലെ കരി പാടം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ വിവിധ പാടശേഖരങ്ങളിലെ പെട്ടി പറ പമ്പ് സെറ്റ് മാറ്റി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ/സബ്മേഴ്സിബിൾ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. 974.736 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**(5) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

മണ്ണ് പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ് കാർഷിക അടിസ്ഥാന സൗകര്യവികസനവും, ജലലഭ്യത ഉറപ്പു വരുത്തുവാനും, പാരിസ്ഥിതിക പുനരുജ്ജീവനം സാധ്യമാക്കുവാനുമുള്ള പദ്ധതികളാണ് പ്രധാനമായും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 39.55 കോടി രൂപയുടെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വകുപ്പിന് അനുമതി ലഭ്യമായിട്ടുള്ളത്. കാർഷിക മേഖലയുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനും കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികളായ നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ് പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണു ജല സംരക്ഷണം, മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനപദ്ധതിയിൽ ഉൾപ്പെടുത്തി പെരുമാട്ടി പഞ്ചായത്തിലെ ഭൂഗർഭ ജലവിതാനം പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കുളങ്ങൾ, നീരുറവകളുടെ പുനരുദ്ധാരണം, നദികളുടെ കൈവഴികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ, സൂക്ഷ്മ നീർത്തട വികസനം, കർഷകർക്കുള്ള സോയിൽഹെൽത്ത് കാർഡ് വിതരണം, പഞ്ചായത്തുതല ശാസ്ത്രീയ മണ്ണ് ഭൂവിഭവ വിവരശേഖരണം എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്തെ കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനമാണ് വകുപ്പ് ലക്ഷ്യമിടുന്നത്. കൂടാതെ റീബിൽഡ് കേരള പദ്ധതി മുഖേന ലഭ്യമായ 10.1 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്ത് ആറ് ജില്ലകളിൽ പാരിസ്ഥിതിക പുനരുജ്ജിവനത്തിനും കാർഷിക വികസനത്തിനുമായുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു. വയനാട് പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിലെ വരൾച്ച ലഘൂകരണത്തിനായി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഇടുക്കി ജില്ലയിലെ വട്ടവട കാന്തല്ലൂർ പഞ്ചായത്തുകളിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ ശീതകാല പഴം പച്ചക്കറി ഉൽപ്പാദന വർദ്ധനവിനായി അടിസ്ഥാന ജലസേചന സൗകര്യ വികസന പ്രവർത്തനങ്ങളും, വിവിധ ജില്ലാ പഞ്ചായത്ത് പദ്ധതികളും കാർഷിക അടിസ്ഥാന സൗകര്യ

വികസനത്തിനായി വകുപ്പ് നടപ്പിലാക്കി വരുന്നു. വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ മണ്ണും ജലവും സംരക്ഷിച്ചു കാർഷിക വരൾച്ചയ്ക്ക് ശമനം കാണുകയും സുസ്ഥിര കാർഷിക വളർച്ച ഉറപ്പു വരുത്തി കാർഷിക മേഖലയുടെ പുനരുജ്ജീവനം ഉറപ്പാക്കുകയും ചെയ്യുന്നു.